## (2.) അഞ്ചാടിയ്ക്കൽ സെന്റ് മേരീസ് മലങ്കര സുറിയാനി കത്തോലിക്കാപള്ളിയുടെ ലഘുചരിത്രം

1960-കളിൽ അഞ്ചാടിയ്ക്കൽ പ്രദേശത്ത് താമസമാക്കിയ 8 കുടുംബങ്ങൾക്ക് അവരുടെ ആരാധനയ്ക്കും ആത്മീയ കൂടിവരവുകൾക്കുമായി അന്നത്തെ ഓർത്തഡോക്സ് പാരമ്പര്യം നിലനിൽക്കെ തോമസ് പെരുമല വല്യച്ചൻ മുരുപ്പേൽ ദാനമായി നല്കിയ സ്ഥലത്ത് ഒരു കൊച്ചു ഷെഡ് കെട്ടി താത്കാലികമായി ആരാധന ആരംഭിച്ചു. പരിശുദ്ധ ദൈവമാതാവിന്റെ പേരിൽ നാമകരണം ചെയ്ത ദേവാലയം മുരുപ്പേൽപള്ളി എന്നാണ് അറിയപ്പെട്ടിരുന്നത്. ഫാ.ആന്റണി കേളംപറമ്പിൽ അച്ചൻ പ്രഥമവികാരിയായി സേവനം അനുഷ്ഠിച്ചു.

**ഇടവക കൂട്ടായ്മയ്ക്ക് ശക്തമായ നേതൃത്വം നല്കി ശുശ്രൂഷ ചെയ്ത വൈദികർ**

| | | |
|---|---|---|
| 1. ഫാ. ആന്റണി കേളംപറമ്പിൽ | - | 1961-1976 |
| 2. ഫാ. മാത്യു കാലായിൽ | - | 1977-1978 |
| 3. മാത്യു പൊന്മേലിൽ കോറെപ്പിസ്കോപ്പ | - | 1978-1981 |
| 4. ഫാ. സാമുവേൽ തുണ്ടിയിൽ | - | 1981-1984 |
| 5. മാത്യു വാഴപ്പിള്ളേത്ത് റമ്പാൻ | - | 1985-1986 |
| 6. ഫാ. ഏബ്രഹാം വാലുപറമ്പിൽ | - | 1987-1988 |
| 7. ഫാ. ജോർജ്ജ് പുറത്തൂട്ട് | - | 1989-1992 |
| 8. ഫാ. ഗീവർഗീസ് നെടിയത്ത് | - | 1993-2001 |
| 9. ഫാ. ഗീവർഗീസ് ചരുവിളയിൽ | - | 2001 |
| 10. ഫാ. തോമസ് പൂവണ്ണാൽ | - | 2001-2007 |
| 11. തോമസ് കുമ്പക്കാട്ട് കോറെപ്പിസ്കോപ്പ | - | 2007-2008 |
| 12. ഫാ. സെബസ്ത്യൻ ആമ്പശ്ശേരിൽ | - | 2008-2010 |
| 13. ഫാ. ജോഷി വാഴപ്പിള്ളേത്ത് | - | 2010-2011 |
| 14. ഫാ. ഏബ്രഹാം വാവോലിമേപ്പുറത്ത് | - | 2011-2012 |
| 15. ഫാ. സഖറിയാസ് നെടിയകാലായിൽ | - | 2012-2014 |
| 16. ഫാ. ജോസ് കളവിളയിൽ | - | 2014-2016 |
| 17. ഫാ. വർഗ്ഗീസ് സാമുവേൽ | - | 2016-2019 |
| 18. ഫാ. പോൾ നിലയ്ക്കൽതെക്കേതിൽ | - | 2019 |

എന്നീ വൈദികരെ നന്ദിയോടെ സ്മരിക്കുന്നു. വൈദികർ എല്ലാവരും തന്നെ ചന്ദനപ്പള്ളിയിൽ നിന്നുമാണ് അവിടെ ശുശ്രൂഷ ചെയ്തത്. ജോസ് കളവിള അച്ചനും, വർഗീസ് സാമുവേൽ അച്ചനും, പോൾ നിലയ്ക്കൽ തെക്കേതിൽ അച്ചനും നെടുമൺകാവിൽ താമസിച്ചാണ് ഇവിടെ സേവനം അനുഷ്ഠിക്കുന്നത്.

മാത്യു പൊന്മേലിൽ കോറെപ്പിസ്കോപ്പായുടെ കാലഘട്ടത്തിലാണ് മുരുപ്പേൽ ഷെഡ് ചാപ്പലാക്കി മാറ്റുന്നത്. സാമുവേൽ തുണ്ടിയിൽ അച്ചന്റെ കാലഘട്ടത്തിൽ അഭിവന്ദ്യ ബനഡിക്ട് മാർ ഗ്രീഗോറിയോസ് പിതാവിന്റെ നിർദേശപ്രകാരം പുതിയ സ്ഥലം റോഡുസൈഡിൽ പള്ളിക്കുവേണ്ടി വാങ്ങി. ഒരു കൊച്ചു ദേവാലയം പണിക

ഴിപ്പിച്ചു. ഇതിന്റെ കൂദാശാകർമ്മം അഭിവന്ദ്യ ഗ്രീഗോറിയോസ് പിതാവ് നിർവ്വഹിച്ചു. ഏബ്രഹാം വാവോലിമേപ്പുറത്ത് അച്ചന്റെ കാലത്ത് പള്ളിയുടെ പുനരുദ്ധാരണം നടന്നു. മദ്ബഹാ, ഹൈക്കല, മേൽക്കൂര, മോണ്ടലം നിർമ്മിക്കുകയും ചെയ്തു. 2012 സെപ്റ്റംർ 23 ന് പത്തനംതിട്ട രൂപതാധ്യക്ഷൻ അഭിവന്ദ്യ യൂഹാനോൻ മാർ ക്രിസോസ്റ്റം മെത്രാപ്പോലീത്താ കൂദാശ നിർവഹിച്ചു. അഭിവന്ദ്യ ജോഷ്വാ മാർ ഇഗ്നാത്തിയോസ് പിതാവും സന്നിഹിതനായിരുന്നു. പുതുക്കിപണിത ദേവാലയിന്റെ മുമ്പിൽ പരിശുദ്ധ ദൈവമാതാവിന്റെ തിരുസ്വരൂപം നിർമ്മിച്ച് കൂദാശ ചെയ്തു.

ഇടവകയുടെ ആത്മീയ വളർച്ചയുടെ ഭാഗമായ് സർവ്വശക്തൻ കനിഞ്ഞ് ഈ ഇടവകയിൽ നിന്നും നാല് വൈദീകർ ദൈവവിളി സ്വീകരിച്ച് കർത്താവിന്റെ മുന്തിരിത്തോപ്പിൽ ശുശ്രൂഷ ചെയ്യുന്നു. ഫാ. ജോൺ ഇലവനാങ്കുഴി ഒ.ഐ.സി., ഫാ. ലിബിൻ വർഗ്ഗീസ് ഒ.ഐ.സി., ഫാ. ബർസോമാ ഒ.ഐ.സി., ഫാ. ജിയോ പോൾ ഒ.ഐ.സി., ഒരു ബ്രദർ ഡെറിൻ പാലമൂട്ടിൽ ഒ.ഐ.സി. ആദ്യവർഷ തിയോളജി പഠിക്കുന്നു.

ഈ ഇടവകയുടെ അഭിമാനമായിരുന്ന ഗീവർഗീസ് പെരുമല അച്ചൻ തന്റെ നിത്യവിശ്രമത്തിലേക്ക് 2012ൽ യാത്രയായി.

ചന്ദനപ്പള്ളി ബഥനി മഠത്തിലെ സിസ്റ്റേഴ്സിന്റെ സേവനം നമ്മുടെ ഇടവകയ്ക്ക് എക്കാലവും മുതൽകൂട്ടായിരുന്നു. ഇടവകയുടെ ആദ്ധ്യാത്മിക വളർച്ചയ്ക്ക് ഉതകും വിധം എല്ലാ ഭക്ത സംഘടനകളും സണ്ടേസ്കൂൾ എം.സി.വൈ.എം., എം.സി.എ., പിതൃവേദി, മാതൃവേദി, ഇവ സജ്ജീവമായി പ്രവർത്തിക്കുന്നു.

ആന്റണി അച്ചന്റെ നേതൃത്വത്തിൽ ഇടവക പ്രവർത്തനം കാലാകാലങ്ങളിൽ വികാരിമാരായി വന്നവർ പരിപോഷിപ്പിച്ച് ഇന്ന് 59 വർഷം പിന്നിട്ടു നിൽകുന്ന ഈ സാഹചര്യത്തിൽ 8 കുടുംബത്തിൽനിന്ന് 55 കുടുംബങ്ങളുള്ള ഒരു ഇടവകയായി നാം വളർന്നു.

പോൾ നിലയ്ക്കൽ അച്ചന്റെ കാലഘട്ടത്തിൽ യുവജനങ്ങളെ ഒത്തുചേർന്ന് ഒരു ഗായകസംഘം രൂപപ്പെടുത്തുകയും ഒരു വൈദികമന്ദിരം നിർമ്മിക്കുകയും ചെയ്തു. അതിജീവനത്തിന്റെ ഈ കാലഘട്ടത്തിൽ ക്രിസ്തു എന്ന മൂലക്കല്ലിനോടുചേർന്ന് ആത്മീയ ഗൃഹത്തിന്റെ ഭാഗമായി തീർന്ന് ദൈവത്തെ മഹത്വപ്പെടുത്തുവാൻ ഈ മഹാമാരിയുടെ നടുവിലും ഇടയായിതീരട്ടെ എന്ന് പ്രാർത്ഥിക്കുന്നു.